# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഒക്ടോബർ 19

# വാർത്താക്കുറിപ്പ്

## പരീക്ഷഫലം

2020 മാർച്ചിൽ നടത്തിയ സി.ബി.സി.എസ്.എസ്. ആറാം സെമസ്റ്റർ ബി.എ., ബി.കോം, ബി.എസ് സി. (മോഡൽ 1,2,3), ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എഫ്.ടി., ബി.എസ്.ഡബ്ല്യു., ബി.ടി.ടി.എം.(മോഡൽ 3) 2013-2016 അഡ്മിഷൻ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ രണ്ടു വരെ സർവകലാശാല വെബ് സൈറ്റിലെ (www.mgu.ac.in) സ്റ്റുഡന്റ് പോർട്ടൽ ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1011/2020)

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. അറബിക് (സി.എസ്.എസ്.-ബെറ്റർമെന്റ്/സപ്ലിമെന്ററി) പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 30 വരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ് പോർട്ടൽ ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1012/2020)

## അപേക്ഷ തീയതി

മൂന്നാം സെമസ്റ്റർ ബി.എസ് സി. നഴ്സിങ് (2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ നവംബർ 11 ന് ആരംഭിക്കും. പിഴയില്ലാതെ ഒക്ടോബർ 23 വരെയും 525 രൂപ പിഴയോടെ ഒക്ടോബർ 27 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 28 വരെയും അപേക്ഷിക്കാം. അപേക്ഷകർ പേപ്പറൊന്നിന് 35 രൂപ വീതം(പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിനു പുറമേ അടയ്ക്കണം. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത കോളജുകളിൽ പരീക്ഷയെഴുതണം.

(പി.ആർ.ഒ/39/1013/2020)

മൂന്നാംവർഷ ബി.എസ് സി. എം.ആർ.ടി. (2016 അഡ്മിഷൻ റഗുലർ) പരീക്ഷ നവംബർ 18ന് ആരംഭിക്കും. പിഴയില്ലാതെ ഒക്ടോബർ 27 വരെയും 525 രൂപ പിഴയോടെ ഒക്ടോബർ 28 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 30 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത കോളജുകളിൽ പരീക്ഷയെഴുതണം.

(പി.ആർ.ഒ/39/1014/2020)

അഫിലിയേറ്റഡ് കോളജുകളിലെ രണ്ട്, നാല് സെമസ്റ്റർ എൽ.എൽ.എം. പരീക്ഷകൾ നവംബർ 11ന് ആരംഭിക്കും. പിഴയില്ലാതെ ഒക്ടോബർ 23 വരെയും 525 രൂപ പിഴയോടെ ഒക്ടോബർ 27 വരെയും

1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 28 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത കോളജുകളിൽ പരീക്ഷയെഴുതണം.

(പി.ആർ.ഒ/39/1015/2020)

അഫിലിയേറ്റഡ് കോളജുകൾ, എറണാകുളം ലോ കോളജ് എന്നിവിടങ്ങളിലെ അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം-2017 അഡ്മിഷൻ റഗുലർ, 2014-2016 അഡ്മിഷൻ സപ്ലിമെന്ററി, 2013 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2012 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്, 2012 വരെയുള്ള അഡ്മിഷൻ മൂന്നാം മേഴ്സി ചാൻസ്) ഒമ്പതാം സെമസ്റ്റർ എൽ.എൽ.ബി.(പഞ്ചവത്സരം- 2010 അഡ്മിഷൻ സപ്ലിമെന്ററി, 2009 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2008 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്, 2007 വരെയുള്ള അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്) പരീക്ഷകൾ നവംബർ 18ന് ആരംഭിക്കും. പിഴയില്ലാതെ ഒക്ടോബർ 27 വരെയും 525 രൂപ പിഴയോടെ ഒക്ടോബർ 28 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 30 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും(പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിനു പുറമേ അടയ്ക്കണം. ആദ്യ മേഴ്സി ചാൻസിന് 5250 രൂപയും രണ്ടാം മേഴ്സി ചാൻസിന് 7350 രൂപയും മൂന്നാം മേഴ്സി ചാൻസിന് 10500 രൂപയും സ്പെഷൽഫീസ് അടയ്ക്കണം. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത കോളജുകളിൽ പരീക്ഷയെഴുതണം.

(പി.ആർ.ഒ/39/1016/2020)

## പരീക്ഷ തീയതി

സീപാസിലെ എട്ടാം സെമസ്റ്റർ ബി.ടെക് (2015 അഡ്മിഷൻ മുതൽ റഗുലർ, സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 27ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത കോളജുകളിൽ പരീക്ഷയെഴുതണം.

(പി.ആർ.ഒ/39/10107/2020)

ഏപ്രിൽ 22, 24, 27 തീയതികളിൽ നടത്താൻ തീരുമാനിച്ചതും മാറ്റിവച്ചതുമായ മൂന്നാം സെമസ്റ്റർ എം.എസ് സി. ഫിഷറി ബയോളജി ആൻഡ് അക്വാകൾച്ചർ(2018 അഡ്മിഷൻ റഗുലർ, സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം നവംബർ നാല്, ആറ്, ഒമ്പത് തീയതികളിൽ നടക്കും. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത കോളജുകളിൽ പരീക്ഷയെഴുതണം.

(പി.ആർ.ഒ/39/1018/2020)

## അപേക്ഷ തീയതി നീട്ടി

സി.ബി.സി.എസ്.എസ്. രണ്ടാം സെമസ്റ്റർ യു.ജി. പരീക്ഷകൾക്ക്(റഗുലർ, സപ്ലിമെന്ററി) പിഴയില്ലാതെ ഒക്ടോബർ 21ന് വൈകിട്ട് അഞ്ചു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1019/2020)

## എൽ.എൽ.ബി. പരീക്ഷ
## പഠിക്കുന്ന കോളജിൽ എഴുതണം

മഹാത്മാഗാന്ധി സർവകലാശാല നവംബർ മൂന്നു മുതൽ നടത്തുന്ന നാലാം സെമസ്റ്റർ പഞ്ചവത്സര ബി.എ./ ബി.കോം./ബി.ബി.എ. എൽ.എൽ.ബി. പരീക്ഷകൾക്ക് പ്രത്യേക പരീക്ഷ കേന്ദ്രങ്ങളില്ല. വിദ്യാർഥികൾ മാതൃസ്ഥാപനത്തിൽ തന്നെ പരീക്ഷയെഴുതണമെന്ന് പരീക്ഷ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ/39/1020/2020)

## തൊഴിലധിഷ്ഠിത പ്രോഗ്രാം;
## അപേക്ഷ തീയതി നീട്ടി

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ യു.ജി.സി. എൻ.എസ്.ക്യു. എഫ് ആരംഭിക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യവികസന സർട്ടിഫിക്കറ്റ്/ഡിപ്ലോമ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാനുള്ള തീയതി ഒക്ടോബർ 26 വരെ നീട്ടി. ആറുമാസത്തെ സർട്ടിഫിക്കറ്റ് ഇൻ ഡിജിറ്റൽ മാർക്കറ്റിംഗ്, ഒരുവർഷത്തെ ബേക്കറി ആന്റ് കോൺഫെക്ഷണറി ഡിപ്ലോമ, ഡേറ്റ ആന്റ് ബിസിനസ് അനലെറ്റിക്സ്, ഫുഡ് പ്രോസസിംഗ് ആന്റ് ക്വാളിറ്റി അഷ്വറൻസ് പി.ജി. ഡിപ്ലോമ എന്നീ പ്രോഗ്രാമുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. www.dasp.mgu.ac.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കാം. ഫോൺ: 0481 2731066.

(പി.ആർ.ഒ/39/1021/2020)

## എം.ജിയിൽ ബി.എഡ്. പ്രവേശനം;
## അപേക്ഷ ഒക്ടോബർ 31 വരെ

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള അധ്യാപക പരിശീലന കോളജുകളിൽ ബി.എഡ്. പ്രോഗ്രാം പ്രവേശനത്തിന് ഏജകാലകം വഴി (ക്യാപ്) ഒക്ടോബർ 21 മുതൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. www.mgu.ac.in എന്ന ക്യാപ് വെബ്സൈറ്റിലൂടെ ഒക്ടോബർ 31 വരെ അപേക്ഷിക്കാം. മാനേജ്മെന്റ്, കമ്മ്യൂണിറ്റി വിഭാഗത്തിന് സംവരണം ചെയ്ത സീറ്റിലേക്ക് ഏകജാലകം വഴി അപേക്ഷിച്ച ശേഷം അപേക്ഷ നമ്പർ പ്രവേശനം ആഗ്രഹിക്കുന്ന കോളജിൽ അപേക്ഷയ്ക്കൊപ്പം നൽകണം. ഏകജാലകത്തിലൂടെ അപേക്ഷിക്കാത്തവർക്ക് മാനേജ്മെന്റ്, കമ്മ്യൂണിറ്റി ക്വാട്ടയിലേക്ക് അപേക്ഷ നൽകാനാകില്ല. ഭിന്നശേഷി, സ്പോർട്സ് സംവരണ സീറ്റിലേക്കും ഓൺലൈനായി അപേക്ഷിക്കണം. പ്രൊവിഷണൽ റാങ്ക് പട്ടിക സർവകലാശാല പ്രസിദ്ധീകരിക്കും. രേഖകൾ കോളജുകൾ ഓൺലൈനായി പരിശോധിക്കും.

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രവേശനം പൂർണമായും ഓൺലൈനിലാണ് നടക്കുക. സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പകർപ്പ്, ഫോട്ടോ, ഒപ്പ് എന്നിവ അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യണം. വെബ്സൈറ്റിൽ നൽകിയിട്ടുള്ള പ്രോസ്പെക്ടസ് വായിച്ചശേഷം അപേക്ഷ നൽകുക. സംവരണാനുകൂല്യത്തിനായി പ്രോസ്പെക്ടസിൽ നിർദേശിക്കുന്ന സാക്ഷ്യപത്രങ്ങൾ തന്നെയാണ് അപ് ലോഡ് ചെയ്തിരിക്കുന്നതെന്ന് ഉറപ്പാക്കണം. നിർദിഷ്ട സാക്ഷ്യപത്രങ്ങൾക്കു പകരം മറ്റുള്ളവ അപ്‌ലോഡ് ചെയ്താൽ പ്രവേശനം റദ്ദാക്കപ്പെടാം. അപ്‌ലോഡ് ചെയ്യേണ്ട സാക്ഷ്യപത്രങ്ങൾ: എസ്.സി./എസ്.ടി. സംവരണാനുകൂല്യം- ജാതി സർട്ടിഫിക്കറ്റ്, എസ്.ഇ.ബി.സി./ഒ.ഇ.സി. സംവരണാനുകൂല്യം- ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് (ഒറ്റ ഫയലായി) അല്ലെങ്കിൽ നോൺക്രീമിലെയർ സർട്ടിഫിക്കറ്റ്, ഇ.ഡബ്ല്യൂ.എസ്.- ഇൻകം ആൻഡ് അസറ്റ്സ് സർട്ടിഫിക്കറ്റ്, എൻ.സി.സി./എൻ.എസ്.എസ്. ബോണസ് മാർക്കിന്- ബിരുദതലത്തിലെ സാക്ഷ്യപത്രം, വിമുക്തഭടൻ/ജവാൻ ആശ്രിതർക്കുള്ള ബോണസ് മാർക്കിന്- ജില്ലാ സൈനിക ക്ഷേമ ഓഫീസിൽനിന്നുള്ള സാക്ഷ്യപത്രം (കര/നാവിക/വ്യോമ സേന വിഭാഗം മാത്രം).

സംവരണാനുകൂല്യം ആവശ്യമില്ലാത്ത പിന്നാക്ക വിഭാഗത്തിൽപ്പെടുന്നവർക്ക് പൊതുവിഭാഗം സെലക്ട് ചെയ്യുകയോ വരുമാനം എട്ടു ലക്ഷം രൂപയിൽ കൂടുതലായി നൽകിയ ശേഷം സംവരണം ആവശ്യമില്ലെന്ന ഓപ്ഷൻ തെരഞ്ഞെടുക്കുകയോ ചെയ്യാം. എസ്.സി./എസ്.ടി. വിഭാഗത്തിന് 725 രൂപയും മറ്റുള്ളവർക്ക് 1250 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. സാധ്യത അലോട്ട്മെന്റ് നവംബർ അഞ്ചിനും ഒന്നാം അലോട്ട്മെന്റ് നവംബർ 10നും പ്രസിദ്ധീകരിക്കും. നവംബർ 30ന് ക്ലാസ് ആരംഭിക്കും. വിശദവിവരം വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1022/2020)

## പി.ജി. പ്രവേശനം; അപേക്ഷ ഒക്ടോബർ 31 വരെ

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിന് ഏകജാലക ഓൺലൈൻ രജിസ്ട്രേഷൻ നടത്താനുള്ള തീയതി ഒക്ടോബർ 31 വരെ നീട്ടി. www.cap.mgu.ac.in എന്ന വെബ്സൈറ്റിലെ 'പി.ജി. ക്യാപ് 2020' എന്ന ലിങ്കിലൂടെയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്.

(പി.ആർ.ഒ/39/1023/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ